**കെ.വി.എ.എസ്.യു./എം.സി./പൊതുവായത്/അദ്ധ്യായം - 1.6**

**(48-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്, സ്ഥിരീകരണത്തിനായി)**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 48-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

തീയ്യതി : **16** ജനുവരി **2025**, സമയം : രാവിലെ **11.30** മണി

വേദി: ഹൈബ്രിഡ് മോഡ്, കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/7237/2024)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. അനിൽ. കെ.എസ്., വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) – അദ്ധ്യക്ഷൻ
2. അഡ്വ. ടി. സിദ്ദിക് – എം.എൽ.എ. (എം.എൽ.എ പ്രതിനിധി)
3. ശ്രീ. കെ.എം. സച്ചിൻ ദേവ് (എം.എൽ.എ. പ്രതിനിധി) (ഓൺലൈൻ)
4. ശ്രീ. ഇ.കെ. വിജയൻ (എം.എൽ.എ. പ്രതിനിധി) (ഓൺലൈൻ)
5. ശ്രീ. ഷിബു. എ.ടി., അഡീഷണൽ സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധി) (ഓൺലൈൻ)
6. ഡോ. ദിവാകർ ഹേമാദ്രി, അസി. ഡയറക്ടർ ജനറൽ – ഐ.സി.എ.ആർ. പ്രതിനിധി (ഓൺലൈൻ)
7. ഡോ. കെ. വിജയകുമാർ, ഫാക്കൽറ്റി ഡീൻ, വെറ്ററിനറി (ഓൺലൈൻ)
8. ഡോ. എസ്.എൻ. രാജകുമാർ, ഫാക്കൽറ്റി ഡീൻ, ഡയറി സയൻസ് & ടെക്നോളജി (ഓൺലൈൻ)
9. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
10. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
11. ഡോ. ബിനു പ്രശാന്ത്. കെ.ആർ., (പ്രസിഡന്റ്, കെ.എസ്.വി.സി.) (ഓൺലൈൻ)
12. ശ്രീ. അഭിറാം. പി. (തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധി)
13. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
14. ഡോ. ദിനേശ്. പി.റ്റി. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
15. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി) (ഓൺലൈൻ)
16. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
17. ശ്രീ. സുധീഷ്. പി.എസ്. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
18. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ – മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ശ്രീ. മുജീബ്. എ.കെ., ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി) (ഓൺലൈൻ)
2. ശ്രീ. ശ്രീജിത്ത്. എ.വി. യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം.
3. ശ്രീ. വിനു. വി., ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്)

യോഗം 11.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

- കേരള ഉന്നത വിദ്യാഭ്യാസ വകുപ്പും ഹയർ എഡ്യുക്കേഷൻ കൌൺസിലും ചേർന്ന് നല്കുന്ന 2024 വർഷത്തെ KIRF (Kerala Institutional Ranking Framework) റാങ്കിംഗിൽ കേരളത്തിലെ സർവ്വകലാശാലകളുടെ വിഭാഗത്തിൽ, വെറ്ററിനറി സർവ്വകലാശാലാ 4-ാം റാങ്ക്

കരസ്ഥമാക്കിയതായും, Agricultural & Allied Colleges വിഭാഗത്തിൽ വെറ്ററിനറി കോളേജ്, പൂക്കോട്, വെറ്ററിനറി കോളേജ് മണ്ണുത്തി യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയതായും ചെയർ അറിയിച്ചു.

- പൂക്കോട് കാമ്പസ്സിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 3 കോടി രൂപ ഐ.സി.എ.ആർ. അനുവദിച്ചിട്ടുണ്ടെന്നും, ആയതിൽ 1 കോടി രൂപ ആദ്യ ഗഡുവായി ലഭ്യമായിട്ടുണ്ടെന്നും, ഹോസ്റ്റൽ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു എന്നും ചെയർ യോഗത്തെ അറിയിച്ചു.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

| | |
|---|---|
| 1.1 | സർവ്വകലാശാലയുടെ നേട്ടങ്ങൾ/ശാസ്ത്രജ്ഞരുടെ ഗവേഷണ നേട്ടങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.2 | ഇലക്ഷൻ ഏതെങ്കിലും നടത്തുവാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | 2025 ഫെബ്രുവരി മാസം ആദ്യ വാരം അവസാനിക്കുന്നത് വരെ ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്തു തരുന്ന അംഗങ്ങളുടെ ലിസ്റ്റിനായി കാത്തിരിക്കാനും, ശേഷം ബോർഡ് ഓഫ് മാനേജ്മെന്റിലേക്കുള്ള തിരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കാനും തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.3 | ചോദ്യോത്തര വേള.<br>**ഡോ. ശ്രീരഞ്ജിനി. എ. ആർ. ഉന്നയിച്ച ചോദ്യങ്ങൾ:**<br>**ചോദ്യം (1):**<br>സർവ്വകലാശാലയുടെ KVASU/GA/A1/6715/2017 നമ്പറിലുള്ള 17-05-2024 തീയതിയിലെ, അധ്യാപകരുടെ കരിയർ അഡ്വാൻസ്മെൻറ് പ്രൊമോഷൻ നൽകുന്നതിനുള്ള പ്രാബല്യ തീയതി സംബന്ധിച്ച സർവ്വകലാശാല ഉത്തരവ് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 22-08-2024-ന് നടന്ന 47-ആമത് മാനേജ്മെൻറ് കൗൺസിൽ യോഗ നടപടിക്രമങ്ങൾ പ്രകാരം (ചോദ്യം 4-ൻറെ ഉത്തരം) മാനേജ്മെൻറ്കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി ഡോ ശ്രീരഞ്ജിനി എ. ആർ. ചെയർമാനും ഫിനാൻസ് ഓഫീസർ ശ്രീ. ദിനേശൻ എ. കെ. കൺവീനറും മാനേജ്മെൻറ്കൗൺസിലിലെ മറ്റ് അദ്ധ്യാപക പ്രതിനിധി കളായ ഡോ. ബിപിൻ കെ. സി., ഡോ. ദിനേശ് പി.ടി. എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ട് 24-09-2024-ന് യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെൻറ് പ്രൊമോഷനുമായി ബന്ധപ്പെട്ട് പിന്നീട് യൂണിവേഴ്സിറ്റി പുറത്തിറക്കിയ ഉത്തരവുകളിലൊന്നും പ്രസ്തുത റിപ്പോർട്ടിനെപ്പറ്റി പരാമർശിച്ചു കാണുന്നില്ല. |

കൂടാതെ, സർവ്വകലാശാലയുടെ KVASU/GA/A6/2158/2023(15) നമ്പറിലുള്ള 23-08-2024-തീയതിയിലെ, അദ്ധ്യാപകരുടെ റിക്രൂട്ട്മെൻറ് നോട്ടിഫിക്കേഷനും, യൂണിവേഴ്സിറ്റിയിൽ പിൻതുടരുവാനുദ്ദേശിക്കുന്ന റിസർവേഷൻ റോസ്റ്ററും സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ GA/A6/2158/2023(18) നമ്പറിലുള്ള 02-09-2024-ലെ ഉത്തരവ് പ്രകാരം ഡോ. ശ്രീരഞ്ജിനി എ. ആർ. ചെയർമാനും, ഡോ. ജയദേവൻ ജി. ആർ. കൺവീനറും ഡോ. ബിപിൻ കെ. സി. , ഡോ. ദിനേശ് പി.ടി., ഡോ. മുഹമ്മദ് അസ്‌ലം എം കെ എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ട് 26-10-2024-ന് യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ താഴെ പറയുന്ന ചോദ്യങ്ങൾക്കു ഉത്തരം നൽകണമെന്ന് താത്പര്യപ്പെടുന്നു.

**ചോദ്യം (1.1):**

മേൽ സൂചിപ്പിച്ച 24-09-2024-ന് ന് സമർപ്പിച്ച കമ്മറ്റി റിപ്പോർട്ട് സംബന്ധിച്ച സർവകലാശാലയുടെ നിലപാട് എന്താണ്? പ്രസ്തുത റിപ്പോർട്ടനുസരിച്ചുസർവകലാശാല എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

**ഉത്തരം: (1.1):** 24.09.2024 തിയ്യതിയായി സമർപ്പിച്ച കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ച നേരത്തെ ഉണ്ടായിരുന്ന പ്രൊമോഷൻ തീയതി പുന:സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**തീരുമാനം:** കമ്മിറ്റി ശിപാർശകൾ ഇതിനോടകം പരിഗണിച്ച് പ്രൊമോഷൻ കാര്യത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും 2 അസിസ്റ്റൻറ് പ്രൊഫസർമാരുടെ പ്രൊമോഷൻ ഉത്തരവ് തിരുത്തി പുതിയത് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു.

*നടപടി: രജിസ്ട്രാർ*

---

**ചോദ്യം (1.2):**

26-10-2024-ന് യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടുള്ള കമ്മറ്റിയുടെ റിപ്പോർട്ട് സർവ്വകലാശാല അംഗീകരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, അതനുസരിച്ച് എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്? പ്രസ്തുത റിപ്പോർട്ടിൽ നിർദേശിച്ചപ്രകാരം റിസർവഷനിൽ സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിനായി നിലവിൽ ഒഴിവുള്ള എല്ലാ അദ്ധ്യാപക തസ്തികകളിലേക്കും യൂണിവേഴ്സിറ്റി നിയമനം നടത്തുമോ?

**ഉത്തരം: (1.2):** അധ്യാപകരുടെ റിക്രൂട്ട്മെന്റ് നോട്ടിഫിക്കേഷൻ സംബന്ധിച്ച് റിസർവേഷൻ റോസ്റ്റർ തയാറാക്കുന്നതിലേക്ക് 26.10.2024 തീയതിയിൽ നൽകിയ കമ്മിറ്റി റിപ്പോർട്ട് പ്രകാരമാണ് 20.12.2024 തീയതി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത്.

**തീരുമാനം:** സർവ്വകലാശാലയിൽ ഒഴിവുള്ള 156 അധ്യാപക തസ്തികകളിലേക്ക് നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ച വരികയായിരുന്നു. സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്ത തസ്തികകകൾ മാറ്റി നിർത്തുന്നതിനും സർവ്വകലാശാലയുടെ സമ്പത്തിക സ്ഥിതി, അക്രെഡിറ്റേഷൻ എന്നിവയ്ക്ക് വേണ്ട അത്യാവശ്യ പോസ്റ്റുകളായി പരിമിതപ്പെടുത്താൻ സർക്കാർ നിർദ്ദേശം തന്നതിന്റെ അടിസ്ഥാനത്തിൽ അത്യാവശ്യം വേണ്ട 94 തസ്തികകളിലേക്ക് (74 + 20 Backlog)

നിയമനം നടത്തുന്നതിന് സർവ്വകലാശാല തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിലാണ് Communal Rotation നടത്തിയിട്ടുള്ളത്. മേൽ വിഷയവുമായി ബന്ധപ്പെട്ട കോടതിയിൽ കേസ് നിലനില്ക്കുന്നതിനാൽ, ആയതിന്റെ അന്തിമ വിധിക്ക് വിധേയമായി സർവ്വകലാശാല തുടർ നടപടികളുമായി മുന്നോട്ട് പോവുന്നതാണ്.

26-10-2024 – ന് സമർപ്പിച്ച സബ് കമ്മിറ്റി റിപ്പോർട്ട് മാനേജ്മെന്റ് കൌൺസിലിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

---------------------------------------------------------------------------- ------------------

**ചോദ്യം (2):**

അധ്യാപകരുടെ കരിയർ അഡ്വാൻസ്മെൻറ് പ്രൊമോഷൻ സംബന്ധിച്ച **2016-** ലെ യു ജി സി യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അസ്സോസിയേറ്റ് പ്രൊഫസ്സർ, പ്രൊഫസർ തുടങ്ങിയ തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് **Ph. D.** സ്റ്റുഡൻറ് ഗൈഡൻസ് നിർബന്ധമാണ്. ഡോക്ടറൽ വിദ്യാർത്ഥികളെ അധ്യാപകർക്ക് അനുവദിച്ച് നൽകുമ്പോൾ അവർ ജോലി ചെയ്യുന്ന സ്റ്റേഷന് അതീതമായി, എല്ലാവർക്കും തുല്യ പരിഗണന നൽകണമെന്ന് യൂണിവേഴ്സിറ്റിയുടെ **03-02-2023-** ലെ **KVASU/DAR/Acad/A1/14618/2017** നമ്പറിലുള്ള സർക്കുലർ പ്രകാരം യൂണിവേഴ്സിറ്റി ഇക്കാര്യം സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതുമാണ്. എന്നാൽ, യൂണിവേഴ്സിറ്റിയുടെ പല ഡിപ്പാർട്ടുമെൻറുകളിലും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കപ്പെടുന്നില്ല. ഇത്തരത്തിൽ, പ്രസ്തുത സർക്കുലറിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ യൂണിവേഴ്സിറ്റി നടപടിയെടുക്കുമോ?

**ഉത്തരം: (2):** ഇത്തരത്തിൽ ഡോക്ടറൽ വിദ്യാർഥികളെ അധ്യാപകർക്ക് അനുവദിച്ച നൽകിയതിലെ അപാകത സംബന്ധിച്ച് മണ്ണുത്തി വെറ്ററിനറി കോളേജിൽ നിന്നും 2 പരാതികൾ ലഭിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് 03.02.2023 ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിന് ഫാക്കൽറ്റി ഡീൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണെന്നും മേൽ പരാതികളുമായി ബന്ധപ്പെട്ട നടപടികൾ കാര്യക്ഷമമാക്കുന്നതിന് വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**തീരുമാനം:** ഓരോ ഡിപ്പാർട്ട്മെന്റിലേക്കും അനുവദിക്കാവുന്ന പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച പ്രൊപ്പോസൽ 3 മാസത്തിനുള്ളിൽ HouD വഴി ഫാക്കൽറ്റി ഡീനിന് സമർപ്പിക്കേണ്ടതും, ആയത് നിലവിലുള്ള നിയമം അനുസരിച്ച് പരിശോധിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ അക്കാദമിക് കൌൺസിൽ തീരുമാനം ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ട താണെന്നും തീരുമാനിച്ചു. മേൽ വിഷയങ്ങൾ അക്കാദമിക് റഗുലേഷനായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

*നടപടി: ഡി.എ.ആർ.*

==================================================================

**ഡോ. ദിനേഷ്. പി.ടി. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (3):**

KVASU/GA/A1/16715/2017 എന്ന നമ്പറിലുള്ള 17.07.2024 തിയ്യതിയിലെ രജിസ്ട്രാറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17 ഓളം അധ്യാപകരുടെ പ്രൊമോഷൻ തിയ്യതി പുനർ നിർണയിച്ചിരുന്നു. എന്നാൽ ഇത് നിയമ പരമായി ശരിയല്ലെന്ന് അധ്യാപക സംഘടനകൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പഠിക്കാൻ മാനേജ്മെന്റ് കൌൺസിൽ അംഗങ്ങൾ അടങ്ങുന്ന ഒരു സബ് കമ്മിറ്റിയെ 47ആമതു മാനേജ്മെന്റ് കൌൺസിൽ യോഗം നിയോഗിച്ചിരുന്നു.

**ചോദ്യം (3.1):**

പ്രസ്തുത കമ്മിറ്റി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്?

**ഉത്തരം: (3.1):** 24-09-2024

---

**ചോദ്യം (3.2):**

മേൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഈ മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ സമർപ്പിക്കാമോ?

**ഉത്തരം: (3.2):** റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

---

**ചോദ്യം (3.3):**

മേൽ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് വിശദമാക്കാമോ?

**ഉത്തരം: (3.3):** റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**തീരുമാനം (3.1, 3.2, & 3.3):** റിപ്പോർട്ട് പരിഗണിച്ച് ഉത്തരവ് 2025 ജനുവരി മാസം തന്നെ പുറപ്പെടുവിക്കുന്നതാണ്.

---

**ചോദ്യം (3.4):**

നടപടികൾ ഒന്നും എടുത്തില്ല എങ്കിൽ അതിന്റെ കാരണം വിശദമാക്കുക.

**ഉത്തരം: (3.4):** ബാധകമല്ല.

*നടപടി: രജിസ്ട്രാർ*

**ചോദ്യം (4):**

അധ്യാപകരുടെ CAS പ്രൊമോഷനുകൾ വർഷത്തിൽ രണ്ടു തവണ നടത്താം എന്ന തീരുമാനം കാല താമസം കൂടാതെ നടപ്പിലാക്കണമെന്ന് 47ആംത് മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെടുകയും, ആ പ്രമേയം കൌൺസിൽ അംഗീകരിക്കുകയും ചെയ്തതാണ്. എന്നാൽ തീരുമാനം എടുത്തതിനു ശേഷം ഏകദേശം 5 മാസം കഴിഞ്ഞിട്ടും CAS പ്രൊമോഷനുകൾ സമയബന്ധിതമായി നടത്താനായി ഒരു നടപടിയും സർവകലാശാലയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

CAS പ്രൊമോഷനുള്ള അപ്ലിക്കേഷൻ വിളിച്ചുള്ള നോട്ടീസ് എന്ന് പുറപ്പെടുവിക്കും എന്ന് വ്യക്തമാക്കുക.

**ഉത്തരം: (4):** സർവ്വകലാശാലയിൽ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ സമയബന്ധിതമായി നടത്തുന്നതിന് ആകം വിധം സർവകലാശാല ഐ.ക്യു.എ.സി. ഭരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

സ്വീകരിക്കുന്നതാണ്. 2019 ജനുവരി 18 -തീയതി നടന്ന 59-മത് ഭരണസമിതിയിലെ ഇനം 3.8 ആയി എടുത്ത തീരുമാനപ്രകാരം കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷന് അപേക്ഷ ക്ഷണിച്ച് പ്രത്യേകം സർക്കുലർ പുറപ്പെടുവിക്കേണ്ടതില്ല, അപേക്ഷ എല്ലാ സമയത്തും സ്വീകരിക്കാവുന്നതാണ്.ഭരണസമിതിയുടെ മേൽ തീരുമാനം അറിയിച്ച സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**തീരുമാനം:** നല്കിയ മറുപടി അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

================================================================

**ഡോ. ബിപിൻ. കെ.സി. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (5):**

22-08-2024 ന ചേർന്ന പ്രത്യേക മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ നടപടിക്രമങ്ങൾ പ്രകാരം ഡോ. എം. കെ. നാരായണന്റെയും, ഡോ. ആർ. കാന്തനാഥന്റെയും സസ്പെന്ഷൻ, നിർദ്ദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ പിൻവലിക്കുന്നതിനും, അവരെ ഉചിതമായ തസ്തികകളിൽ സ്ഥലം മാറ്റം നടത്തി തിരിച്ചെടുക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണല്ലോ. എന്നാൽ നാളിതുവരെയായി പ്രസ്തുത തീരുമാനം നടപ്പാക്കിയതായി കാണുന്നില്ല. ഈ അദ്ധ്യാപകരുടെ സസ്പെന്ഷൻ പത്തുമാസത്തിലധികമായി തുടരുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ സർവ്വകലാശാല ഈ കൗൺസിലിന് മുൻപാകെ താഴെ നൽകുന്ന സംശയങ്ങൾക്ക് മറുപടി നൽകേണ്ടതുണ്ടെന്ന് അഭ്യർത്ഥിക്കുന്നു:

**ചോദ്യം (5.1):**

22-08-2024 ന ചേർന്ന പ്രത്യേക മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ തീരുമാനം നാളിതു വരെയും നടപ്പാക്കത്തിന് കാരണമെന്താണ്?

**ഉത്തരം: (5.1):** ചോദ്യത്തിൽ 22.08.2024 തിയതി ആയി മാനേജ്മെൻറ് കൌൺസിലിന്റെ പ്രത്യേക യോഗം ചേർന്നു എന്നു പരമാർശിച്ചിട്ടുള്ളത് തെറ്റാണെന്ന് അറിയിക്കുന്നു. കോളേജ് ഹോസ്റ്റലിൽ വിദ്യാർഥി മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തി ജസ്റ്റിസ് (റിട്ടയേർഡ് ) ശ്രീ. എ. ഹരിപ്രസാദ് അന്വേഷണ കമ്മീഷൻ ബഹു. ചാൻസിലർക്ക് സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച മാനേജ്മെന്റ് കൌൺസിലിന്റെ അഭിപ്രായം അറിയിക്കാൻ ലഭിച്ച നിർദേശ പ്രകാരം, 25.09.2024 തിയതി ആയി മാനേജ്മെന്റ് കൗൺസിൽ പ്രത്യേക യോഗം ചേർന്നിരുന്നു. ടി യോഗത്തിന്റെ നടപടിക്രമങ്ങൾ പ്രകാരം, ഡോ. എം. കെ. നാരായണന്റെയും, ഡോ. ആർ. കാന്തനാഥന്റെയും സസ്പെന്ഷൻ, നിർദ്ദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ പിൻവലിക്കുന്നതിനും, അവരെ സമാന തസ്തികകളിൽ തിരുവിഴംകുന്ന് സി.എ.എസ്.എം. കോളേജിൽ സ്ഥലം മാറ്റം നടത്തി നിയമിക്കുന്ന തിനും തീരുമാനമെടുത്തിരുന്നു. ഈവിഷയത്തിൽ ഇടപെട്ട് 27.09.2024 തീയതിയായി GS6-411/2024 നമ്പർ കത്ത് പ്രകാരം, മേൽ തീരുമാനം നടപ്പിലാക്കുന്നതിന് ബഹു. ചാൻസിലർ തടസ്സം അറിയിക്കുകയും , ഇനി ഒരു നിർദേശം നല്കും വരെ നടപടികൾ താല്കാലികമായി നിർത്തിവക്കാൻ നിർദേശിച്ചിരുന്നു. ഡോ. എം.കെ. നാരായണൻ ഫയൽ ചെയ്ത അന്യായത്തിൽ

നടന്നുവരുന്ന വ്യവഹാരത്തിൽ ബഹു. ചാൻസിലറുടെ മേൽ നടപടി ബഹു ഹൈക്കോടതിയുടെ പരിശോധനയിലാണ്.

**ചോദ്യം (5.2):**

സർവ്വകലാശാലയുടെ പരമോന്നത സമിതിയായ മാനേജ്മെന്റ് കൗൺസിൽ തീരുമാനം നടപ്പാക്കുന്നതിന് സർവ്വകലാശാലയുടെ വിശദീകരണം പോലും തേടാതെ ആർക്കെങ്കിലും തടസ്സം നിൽക്കാൻ സാധിക്കുമോ? സാധിക്കുമെങ്കിൽ അത് സർവ്വകലാശാലയുടെ ഏതു ചട്ടങ്ങൾ പ്രകാരം?

**ഉത്തരം: (5.2):** കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ആക്ട് 2010 വകുപ്പ് 9 (5) ൽ മാനേജ്മെൻറ് കൌൺസിൽ തീരുമാനം സസ്പെൻഡ് ചെയ്യുന്നതിനുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട് .

**ചോദ്യം (5.3):**

പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടെങ്കിൽ അവ നീക്കുന്നതിനായി സർവ്വകലാശാല കൈക്കൊണ്ട നടപടികൾ എന്തെല്ലാം?

**ഉത്തരം: (5.3):** മാനേജ്മെൻറ് കൌൺസിൽ തീരുമാനം സസ്പെൻഡ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, സർവകലാശാല ആക്ടിലെ മേൽ വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടത് ചാൻസിലറുടെ ഓഫീസിൽ നിന്നാണ്.

**ചോദ്യം (5.4):**

22-08-2024 ന ചേർന്ന പ്രത്യേക മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ തീരുമാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിലവിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ അവയുടെ നിയമസാധുത പരിശോധിക്കാനായി സർവ്വകലാശാല നിയമോപദേശം തേടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം: (5.4):** (5.1, 5.2, 5.3) ചോദ്യങ്ങൾക്കുള്ള ഉത്തരം ദയവായി ശ്രദ്ധിച്ചാലും. ചാൻസിലറുടെ നടപടി ബഹു ഹൈക്കോടതിയുടെ പരിശോധനയിലുണ്ട്. ടി കേസിൽ സർവകലാശാലയെ കൂടി എതിർകക്ഷിയാക്കി ചേർത്തിട്ടുള്ള സാഹചര്യത്തിൽ പ്രത്യേക നിയമോപദേശത്തിന് പ്രസക്തി ഇല്ല.

**തീരുമാനം** (5.1, 5.2, 5.3 & 5.4): ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന മാനേജ്മെന്റ് കൌൺസിൽ യോഗ തീയതി 24-09-2024 ആണെന്നത് രജിസ്ട്രാർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി.

മേൽ വിഷയത്തിൽ തീരുമാനം എടുക്കുന്നതിലേക്കായി ദീർഘകാലമായി സസ്പെൻഷനിൽ തുടരുന്ന ഡീനിനെയും അസിസ്റ്റൻറ് വാർഡനെയും, ഭാവിയിൽ കോടതി പറയുന്ന തീരുമാനത്തിന് വിധേയമായിട്ട് സർവ്വകലാശാല സേവനത്തിലേക്ക് തിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ബഹു. ചാൻസലർക്ക് കത്ത് നല്കുന്നതിന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

---

**ചോദ്യം (6):**

19-03-2024 ന ചേർന്ന 46 ആമത് മാനേജ്മെന്റ് കൗൺസിലിൽ ഹോസ്റ്റലുകളുടെ ഭരണ നിർവഹണത്തിന് അസിസ്റ്റന്റ് വാർഡന്മാരെ സഹായിക്കാനായി അനധ്യാപക ജീവനക്കാരുടെ തസ്തികകളുടെ പുനഃക്രമീകരണത്തിൽ നഷ്ടപ്പെട്ട ഹോസ്റ്റൽ മാനേജർ തസ്തികകൾ പുനഃസൃഷ്ടിച്ച് സാധ്യമായ ക്രമീകരണങ്ങളിലൂടെ മിനിസ്റ്റീരിയൽ ജീവനക്കാരെയും, അതോടൊപ്പം ക്ലാസ് IV തസ്തികകൾ പുനഃക്രമീകരിച്ച് ഹോസ്റ്റൽ അറ്റെൻഡൻറ്മാരെയും നിയോഗിക്കണമെന്ന ഈ അംഗം തന്നെ അവതരിപ്പിച്ച പ്രമേയത്തിന് മറുപടിയായി ഡയറക്ടർ ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്, ജോയിന്റ് രജിസ്ട്രാർ (പൊതു ഭരണം) എന്നിവർ അടങ്ങുന്ന സമിതി മാനേജ്മെന്റ് കൗൺസിൽ അംഗങ്ങളുടെ നിർദ്ദേശങ്ങൾ കൂടെ ആരാഞ്ഞതിനു ശേഷം റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. നിലവിൽ മുൻ സ്ഥിതി തന്നെ തുടരുകയും, സർവ്വകലാശാല ഹോസ്റ്റലുകളിൽ അദ്ധ്യാപകർ മാത്രം അധികച്ചുമതലയായി ഹോസ്റ്റൽ വാർഡന്മാരായി തുടരുകയും, നാമമാത്ര ഹോസ്റ്റലുകളിൽ ഒഴികെ ഹോസ്റ്റൽ മാനേജർ തസ്തിക ഇല്ലാതെ തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ മേൽ തീരുമാനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു

**ഉത്തരം: (6):** സർവ്വകലാശാലയിലെ കോളേജ് ഹോസ്റ്റലുകളുടെ ഭരണപരമായ മേൽനോട്ടം ശക്തിപ്പെടുത്തുന്നതിന് നിർദേശങ്ങൾ തയ്യാറാക്കുന്നതിന് നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ടിയുള്ള പ്രൊപോസൽ തയ്യാറാക്കി അടുത്ത ഭരണ സമിതി യോഗത്തിൽ പരിഗണനയ്ക്ക് സമർപ്പിച്ച്, അംഗീകാരത്തിന് വിധേയമായി മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതാണ്.

**തീരുമാനം:** അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

==========================================================================

**ശ്രീ. അഭിറാം. പി.ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം 7: ഹോസ്റ്റൽ റീഫണ്ട്**

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ 2015-ൽ ആണ് കോളേജ് ഓഫ് ഡെയറി സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം സ്ഥാപിതമായത്. അതിന് ശേഷം നമ്മുടെ കോളേജിന് സ്വന്തം ഹോസ്റ്റലും മെസ്സും ഉണ്ടായിരുന്നില്ല. താൽക്കാലികമായി, വിദ്യാർത്ഥികൾ ബി.എസ്.എൻ.എൽ. ഹോസ്റ്റലിൽ താമസിക്കുകയും അവിടത്തെ മെസ് സേവനങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്നു.

ഈ ക്രമീകരണം കോളേജ് യൂണിയനും പിറ്റിഎയും തമ്മിലുള്ള 2016-ൽ നടന്ന യോഗത്തിൽ ഔദ്യോഗികമായി തീരുമാനിക്കപ്പെട്ടു, ബി.എസ്.എൻ.എൽ. ഹോസ്റ്റൽ, മെസ് ഉപയോഗിക്കാനും, ബി.എസ്.എൻ.എൽ.ന് കൊടുക്കുന്ന ഹോസ്റ്റൽ വാടക വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി തിരിച്ചുതരാനും തീരുമാനിച്ചു.

എങ്കിലും, റീഫണ്ട് പ്രക്രിയയിൽ ചില കാലതാമസങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടു:

- 2018, 2019 ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് 2022 മാർച്ച് വരെ മാത്രമാണ് റീഫണ്ട് ലഭിച്ചത്.
- 2020 ബാച്ചിലെ വിദ്യാർത്ഥികൾക്ക് 2022 മാർച്ച് വരെ മാത്രമാണ് റീഫണ്ട് ലഭിച്ചത്.
- 2021 മുതൽക്കുള്ള ബാച്ചുകളിലെ വിദ്യാർത്ഥികൾക്ക് റീഫണ്ട് ലഭിച്ചിട്ടില്ല.
- ഹോസ്റ്റൽ റീഫണ്ടിൽ വന്ന കാലതാമസം മൂലം വിദ്യാർത്ഥികളും അവരുടെ കുടുംബങ്ങളും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

47 ആമത് മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ ഈ വിഷയം ഉന്നയിച്ചെങ്കിലും യാതൊരു പുരോഗതിയും ഉണ്ടായില്ല. ഈ വിഷയത്തിൽ യൂണിവേഴ്സിറ്റി സ്വീകരിച്ച നടപടികൾ എന്താണ്.

**ഉത്തരം: (7):** ഹോസ്റ്റൽ റീഫണ്ട് തുക സർവ്വകലാശാലയുടെ സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഐ.ഡി വിങ്ങിലെ പ്ലാൻ ശീർഷകത്തിലൂടെയാണ് നൽകിയിരുന്നത്. എന്നാൽ 2024-25 സാമ്പത്തികവർഷത്തിൽ ഗവണ്മെന്റ് ഭരണാനുമതി നൽകിയ പദ്ധതികളിൽ 'Hiring Facilities' ഒഴിവാക്കി. കൂടാതെ 2024-25 സാമ്പത്തികവർഷത്തിലെ പ്ലാൻ പദ്ധതികളിൽ അനുവദിച്ച തുകയിൽ 50% തുക കുറവ് ചെയ്ത സാഹചര്യത്തിൽ ടി തുക നൽകുന്നതിനുള്ള മറ്റു സാധ്യതകൾ പരിശോധിക്കുന്നതാണ്.

**തീരുമാനം:** നല്കിയ മറുപടി അംഗീകരിച്ചു.

*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ/ഫിനാൻസ് ഓഫീസർ/ഡി.എ.ആർ*

---------------------------------------- ---------------------------------------------------------------

**ചോദ്യം 8:** കഴിഞ്ഞ വർഷങ്ങളിൽ എല്ലാം തന്നെ മാർച്ച്, ഏപ്രിൽ,മെയ് മാസങ്ങളിൽ കടുത്ത ജലക്ഷാമാണ് മണ്ണുത്തി ക്യാമ്പസ്സിൽ നേരിടുന്നത്. ഇതു മൂലം ഒരുമാസത്തിലേറെ കുട്ടികൾ വീട്ടിൽ നിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരത്തെയും, ക്ലിനിക്കൽ പ്രാക്ടിസിനെയും ഇതു സരമായി ബാധിച്ചിട്ടുണ്ട്

**ചോദ്യം 8 (1) :**ജലക്ഷാമം മറികടക്കാൻ സർവകലാശാല എന്ത് നടപടിയാണ് ഇതു വരെ സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം: (8.1):** സർവകലാശാലയിലെ വിവിധ സ്റ്റേഷനുകളിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി അതാത് സ്റ്റേഷൻ മേധാവികൾ ജല സ്ത്രോതസ്സുകൾ പുതിയതായി കണ്ടെത്തുന്നതിനും, നിലവിലുള്ള ജലസ്ത്രോതസ്സുകളെ കൂടുതലായി ഉപയോഗപ്പെടുത്താനുമുള്ള നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. പുതിയ ബോർ വെല്ലുകൾ കുഴിക്കുന്നതടക്കമുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

**തീരുമാനം:** പീച്ചി ഡാമിൽ നിന്നുമുള്ള വാട്ടർ സപ്ലൈ ലൈൻ, നിശ്ചിത സമയം സർവ്വകലാശാല ആവശ്യത്തിലേക്കായി തുറന്നു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാറിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.

*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ*

--------------------------------------------------------------------- ----------------------------------------

**ചോദ്യം 8 (2) :** മണ്ണുത്തിയിലെ TVCC ഹോസ്റ്റലിലെ ചൂട് നിയന്ത്രിക്കാനുള്ള നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും?

**ഉത്തരം: (8.2):** ഡോർമിറ്ററികളിലെ ചൂട് കുറയ്ക്കുന്നതിനായി പുറം ഭിത്തികളിൽ എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കുന്നതിനും കൂടാതെ കോറിഡോർ ഭാഗത്തു പുതിയ ജനലുകൾ കൂട്ടതലായി സ്ഥാപിക്കാനും ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് ടെൻഡർ ചെയ്ത് 15-01-2025-നു തുറക്കുന്നതും തുക സാധൂകരിക്കുന്ന രീതിയിൽ ടെൻഡർ ലഭ്യമായാൽ കരാറുറപ്പിച്ച് 2 മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. ഈ പ്രവർത്തിക്കാവശ്യമായ തുക അടിയന്തിര സാഹചര്യം പരിഗണിച്ച് പ്ലാൻ ഫണ്ടിൽ നിന്ന് അല്ലാതെ മുൻ നീക്കിയിരിപ്പുകളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്.


**തീരുമാനം:** നല്കിയ മറുപടി അംഗീകരിച്ചു.

*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ/ഫിനാൻസ് ഓഫീസർ.*

1.4 അടിയന്തിര പ്രമേയം ഉണ്ടെങ്കിൽ, ആയത്.

**ശ്രീ. സന്തോഷ്. സി.ആർ. ഉന്നയിച്ച പ്രമേയങ്ങൾ.**

**അടിയന്തിര പ്രമേയം (1)**



**തീരുമാനം:** ഈ വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

*നടപടി: രജിസ്ട്രാർ*

--------------------------------------------------------------------- ----------------------------------------

**അടിയന്തിര പ്രമേയം (2)**

[illegible] AE [illegible]

**തീരുമാനം:** സർക്കാർ നടപടി ക്രമങ്ങൾ അനുസരിച്ച് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

*നടപടി: രജിസ്ട്രാർ*

================================================== ===============

**ശ്രീ. സുധീഷ്. പി.എസ്. ഉന്നയിച്ച പ്രമേയങ്ങൾ.**

**അടിയന്തിര പ്രമേയം (3)**

ഫാം അസിസ്റ്റന്റ് തസ്തികയിലേക്ക് അന്തർ നിയമനം വഴി യോഗ്യത നേടുന്നതിന് വേണ്ടിയുള്ള Diploma കോഴ്സ് 2025 - ജനുവരി മാസത്തിൽ ആരംഭിക്കണമെന്ന് യോഗം തീരുമാനിക്കുന്നു.

**തീരുമാനം:** പ്രവേശന പരീക്ഷാ ഫലം പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് കോഴ്സ് ആരംഭിക്കുന്നതാണ്.

*നടപടി: രജിസ്ട്രാർ/ഡി.എ.ആർ.*

**അടിയന്തിര പ്രമേയം (4)**

തൊഴിലാളികളുടെ 2024- വർഷത്തെ യൂണിഫോം അലവൻസ് അടിയന്തിരമായി അനുവദിക്കണമെന്ന് യോഗം തീരുമാനിച്ചു.

**തീരുമാനം:** അനുവദിക്കുന്നതിന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ.*

**അടിയന്തിര പ്രമേയം (5)**

തൊഴിലാളികൾക്ക് അർഹതപ്പെട്ട മന്നംജയന്തി, അംബേദ്കർ ജയന്തി കർക്കിടക വാവ് ദിവസങ്ങളിൽ പൊതു അവധി അനുവദിക്കണമെന്ന് യോഗം തീരുമാനിക്കുന്നു.

**തീരുമാനം:** ഈ വിഷയത്തിൽ മാതൃ സർവ്വകലാശാലയായ കേരള കാർഷിക സർവ്വകലാശാല കൈക്കൊണ്ട തീരുമാനമനുസരിച്ച് പരിശോധിച്ച് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ.*

**അടിയന്തിര പ്രമേയം (6)**

മണ്ണുത്തി ബ്രോയ്‌ലർ ഫാമിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ഫാമുകളിലെ ഒഴിവുകളിലേക്ക് അടിയന്തിരമായി നിയമിക്കണമെന്നും, കാഷ്വൽ തൊഴിലാളി നിയമനം അടിയന്തിരമായി നടപ്പിലാക്കണമെന്നും, എല്ലാ സ്റ്റേഷനുകളിലും നിലവിലുള്ള മുഴുവൻ കാഷ്വൽ തൊഴിലാളികളെയും സ്ഥിരപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെടുന്നു.

**തീരുമാനം:** കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന വിഷയം, തൊഴിലാളി സംഘടനകളുമായി ചേർന്ന് നടന്ന യോഗത്തിൽ ചർച്ച ചെയ്യുകയും, ആയത് പ്രകാരം നിലവിലുള്ള മുഴവൻ കാഷ്വൽ തൊഴിലാളികളെയും സ്ഥിരപ്പെടുത്തുന്നത് നിലവിൽ നടപ്പിലാക്കാൻ സാധിക്കുകയില്ല. ഇത് സംബന്ധിച്ച ഒരു പ്രൊപ്പോസൽ മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ സമർപ്പിക്കുന്നതാണെന്ന് എന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു. അത്യാവശ്യം വേണ്ടുന്ന സ്റ്റേഷനുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി തൊഴിലാളി ജീവനക്കാരുടെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു.

*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ.*

---

**ശ്രീ. അഭിറാം. പി. ഉന്നയിച്ച പ്രമേയങ്ങൾ:**

**അടിയന്തിര പ്രമേയം (7)**

**പൂക്കോട് വെറ്ററിനറി കോളേജിലെ പി ജി വിദ്യാർത്ഥികളായ ഡോ ശരത്തും, ഡോ ക്രിസ്റ്റി സുമനും അധ്യാപകനായ ഡോ ജോൺ എബ്രഹാമിനെതിരെ 15-11-2024 ഇൽ നൽകിയ പരാതിയിൽ ഇതുവരെയും ഒരു നടപടിയും സ്വീകരിച്ചില്ല. പരാതി ലഭിച്ച് 15 ദിവസത്തിനകം സ്റ്റുഡന്റസ് ഗ്രീവെൻസ് സെൽ റിപ്പോർട്ട് നൽകണമെന്ന കാര്യം നിലനിൽക്കേ ഈ വിഷയത്തിൽ ഇതുവരെയും ഒരു തീരുമാനം ഉണ്ടായിട്ടില്ല. വിദ്യാർത്ഥികളുടെ അവകാശങ്ങളെ ഹനിക്കുന്ന ഇത്തരം പ്രവർത്തികൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു**

**തീരുമാനം:** ഈ വിഷയത്തിൽ ജീവനക്കാരുടെ പരാതി കൂടെ നിലനില്ക്കുന്നതിനാൽ, ആയത് കൂടെ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

*നടപടി: ഡി.എ.ആർ./ഡീൻ,* സി.വി.&എ.എസ്., പൂക്കോട്.

**അടിയന്തിര പ്രമേയം (8)**

**WLC പരിപാടിയുടെ ഭാഗമായി പൂക്കോട് ഗ്രൗണ്ട് യൂണിവേഴ്‌സിറ്റി ഏറ്റെടുക്കുകയും തുടർന്നു നടന്ന പരിപാടി അനുബന്ധിച്ച് ഗ്രൗണ്ടിന്റെ അവസ്ഥ പരിതാപകരമാണ് .പരിപാടിക്ക് ശേഷം ഗ്രൗണ്ടിൽ സ്ഥാപിച്ച കമ്പികൾ മാറ്റത്താതിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് അപകടം പറ്റുന്ന സ്ഥിതി വിശേഷമാണ് . ഈ വിഷയത്തിൽ യൂണിവേഴ്‌സിറ്റി അടിയന്തരമായി ഇടപെടണം എന്ന് അടിയന്തര പ്രമേയത്തിലൂടെ ആവശ്യപെടുന്നു**

| | |
|---|---|
| | **തീരുമാനം:** ഗ്രൌണ്ടിൽ സ്ഥാപിച്ച കമ്പികൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ.* |
| 1.5 | നിർദ്ദിഷ്ട പട്ടികയിൽ മാറ്റമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.6 | മുൻ യോഗങ്ങളുടെ നടപടി കുറിപ്പുകളുടെ സ്ഥിരീകരിക്കൽ & ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | നടപടി കുറിപ്പുകൾ സ്ഥിരീകരിച്ചു. ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകരിച്ചു. |
| 1.7 | മാനേജ്മെന്റ് കൗൺസിൽ തീരുമാന പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റ് സമർപ്പിക്കുന്ന റിപ്പോർട്ട്, ഉണ്ടെങ്കിൽ ആയത്. |
| **തീരുമാനം** | ബാധകമല്ല. |
| 1.8 | ബോർഡ് ഓഫ് മാനേജ്മെന്റും വൈസ് ചാൻസലറും നിർദ്ദേശിക്കുന്ന വിഷയങ്ങൾ, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ബാധകമല്ല. |
| 2.1 | DAR - Research – Revised guidelines formulated for the implementation of an incentive system in the University to grant incentives to Principal Investigators (PI) of the External Aided Projects (EAP)- Approval- Reg. |
| **തീരുമാനം** | Approved.<br>Decided to issue the Appreciation Certificate to CoPI.<br>*Action: DAR* |
| 2.2 | പ്രവർത്തന റിപ്പോർട്ട് – ഡി.എ.ആർ. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.3 | പ്രവർത്തന റിപ്പോർട്ട് – സി.വി.എ.എസ്. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.4 | പ്രവർത്തന റിപ്പോർട്ട് – സി.വി.എ.എസ്. പൂക്കോട്. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.5 | പ്രവർത്തന റിപ്പോർട്ട് – വി.കെ.ഐ.ഡി.എഫ്.ടി. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 3.1 | പൊതുഭരണം - പൂക്കോട് വെറ്റിനറി കോളേജ് ഹോസ്റ്റലിൽ മരണപ്പെട്ട - സിദ്ധാർഥൻ. ജെ.എസിന്റെ സഹോദരന്റെ പഠന ചെലവിനുള്ള സാമ്പത്തിക സഹായം സർവകലാശാല അനുവദിക്കുന്നത് - Save the University Campaign Committee ബഹു. മൃഗസംരക്ഷണ - ക്ഷീര വികസന വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. |
| **തീരുമാനം** | സർക്കാർ തീരുമാനിച്ച് നിർദ്ദേശം നല്കുന്നത് പ്രകാരം നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ/ഡി.എ.ആർ.* |

| | |
|---|---|
| 3.2 | പ്രവർത്തന റിപ്പോർട്ട് – പൊതുഭരണ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 4.2 | ഡി.ഇ. – പ്രവർത്തന റിപ്പോർട്ട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 5.2 | ഐ.ഡി. വിംഗ് – പ്രവർത്തന റിപ്പോർട്ട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 6.1 | ധനകാര്യ വിഭാഗം - സർവ്വകലാശാലയിൽ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നത് - സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു.<br>സോഫ്റ്റ്‌വെയറിന്റെ ആനുവൽ മെയിന്റനൻസ് ഡിജിറ്റൽ സർവ്വകലാശാലയെ ഏൽപ്പിക്കുന്ന കാര്യം ചർച്ച ചെയ്ത് പരിശോധിക്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | പ്രവർത്തന റിപ്പോർട്ട് – ധനകാര്യ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 7 | അനൗദ്യോഗിക പ്രമേയങ്ങൾ:<br>**ഡോ. ശ്രീരഞ്ജിനി. എ. ആർ. ഉന്നയിച്ച പ്രമേയങ്ങൾ:**<br>**പ്രമേയം 1 :**<br>തിരുവനന്തപുരം, മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കൽ ബയോ-360 ലൈഫ് സയൻസ് പാർക്കിൽ 2 ഏക്കറോളം സ്ഥലത്തു 7000 ചതുരശ്ര അടി വരുന്ന 2 നില കെട്ടിടത്തിൽ, മൃഗങ്ങളിലുണ്ടാക്കുന്ന സാംക്രമിക രോഗവ്യാപനത്തെ ആസ്പദമാക്കിയിട്ടുള്ള ഗവേഷണം, പരിശീലനം എന്നീ പൊതു ലക്ഷ്യങ്ങൾ മുൻ നിർത്തി 2018-ൽ ആരംഭിച്ച ബി.ആർ.ടി.സി എന്ന കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള സ്ഥാപനത്തിൽ നിലവിൽ മോളിക്യൂലർ ബാക്റ്റീരിയോളജി, വൈറോളജി, സെൽ കൾച്ചർ, ആൻഡി മൈക്രോബിയൽ റെസിസ്റ്റൻസ് റിസർച്ച് എന്നിവ നടന്നു വരുന്നു. മേൽ സൂചിപ്പിച്ച മേഖലകളിൽ കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുമുള്ള ജീവശാസ്ത്ര, ബയോടെക്നോളജി വിദ്യാർത്ഥികൾക്കാവശ്യമായ പരിശീലന ഗവേഷണ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ ആവശ്യത്തിനുതകുന്ന രീതിയിൽ ഒരു ലബോറട്ടറി അനിമൽ ഹൗസിൻറെ നിർമാണ പ്രവർത്തനവും ഇവിടെ പുരോഗമിക്കുന്നു. വളർത്തു മൃഗങ്ങളിൽ സാധാരണ കണ്ടു വരുന്ന പലവിധ സാംക്രമിക രോഗങ്ങളുടെ ആധികാരിക നിർണയം സാധ്യമാകുന്ന രീതിയിലുള്ള പദ്ധതികളും ആവിഷ്കരിച്ചു വരുന്നു. ഓമന മൃഗങ്ങളെ വിദേശത്തേക്ക് കൊണ്ട് പോകുന്നതിനാവശ്യമായി WHO നിഷ്കർഷിച്ചിട്ടുള്ള പേ വിഷബാധ പ്രതിരോധ കുത്തിവയ്പ്പിന്റെ |

സംരക്ഷണ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള RFFIT (Rapid Fluorescent Focus Inhibition Test) എന്ന സെറോളജിക്കൽ ടെസ്റ്റിംഗ് സൗകര്യവും ഇവിടെ ഒരുങ്ങുന്നു.

മേൽ പരാമർശിച്ചിട്ടുള്ള ആധുനിക ഗവേഷണ പരിശീലന സൗകര്യങ്ങൾ എല്ലാം ലഭ്യമാണെങ്കിലും ഈ സ്ഥാപനത്തിൽ അതിൻറെ പ്രവർത്തനഘടനക്ക് ആവശ്യമായ ജീവനക്കാരുടെ അഭാവം സ്റ്റേഷൻറെ ദൈനം ദിന പ്രവർത്തങ്ങളെയും സർവകലാശാലക്ക് ലഭിക്കാവുന്ന വരുമാനത്തെയും ബാധിക്കുന്നുണ്ട്. ഇക്കാര്യം യൂണിവേഴ്സിറ്റിയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേകമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് ഏറ്റവും അത്യാവശ്യമായ ലാബ് അസിസ്റ്റൻറ്, ഇലക്ട്രീഷ്യൻ, ലാബ് അറ്റൻഡർ എന്നീ തസ്തികളുടെ സേവനം പ്രസ്തുത സ്ഥാപനത്തിൽ അടിയന്തിരമായി ലഭ്യമാക്കുന്നതിന്ന് ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** സർവകലാശാലയിൽ നിലവിലുള്ള തസ്തികകൾ തിരുവനന്തപുരം BRTC - യിൽ ലാബ് അസ്സിസ്റ്റന്റ്, ഇലക്ട്രീഷ്യൻ മുതലായ പുതിയ തസ്തികൾ അനുവദിക്കുന്നതിനു പര്യാപ്തമല്ല. തസ്തിക പുനർനാമകരണം വഴി മേൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. സർവകലാശാലയിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് വിഭാഗം തസ്തികകളിൽ നിന്നും നിശ്ചിത എണ്ണം BRTC-യിലേക്ക് അനുവദിച്ച് ലാബ് അറ്റൻഡർ തസ്തികയാക്കി പുനർനാമകരണം ചെയ്യാവുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**തീരുമാനം:** ലാബ് അസിസ്റ്റന്റ്/ഫാം അസിസ്റ്റൻറ് - ന്റെ ഒരു പോസ്റ്റ് BRTC – ലേക്ക് മാറ്റി നല്കുന്നതിനും, ആയതിൽ നിയമനം നടത്തുന്നതിനും തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

---

**പ്രമേയം 2 :**

യൂണിവേഴ്സിറ്റിയുടെ ഡയറക്ടറേറ്റ് ഓഫ് എന്റർപ്രെന്യൂർഷിപ്പിന് കീഴിൽ മണ്ണുത്തിയിൽ ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻറ്സ് വെൽഫെയർ, അക്കാഡമിക് സ്റ്റാഫ് കോളേജ്, ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെൻറർ, ടെക്നോളജി എനേബിൾഡ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വിഭാഗം, എക്സിബിഷൻ ആൻഡ് പബ്ലിക്കേഷൻ ഡിവിഷൻ, മൂന്ന് ഗസ്റ്റ് ഹൗസുകൾ എന്നീ യൂണിറ്റുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ യൂണിറ്റുകളുടെയെല്ലാം ഇമ്പ്ലിമെൻറിങ് ഓഫീസർമാർ അധിക ചുമതലയായാണ് യൂണിറ്റുകളുടെ ചുമതലകൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഇവയിൽ ടെക്നോളജി എനേബിൾഡ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വിഭാഗം യൂണിവേഴ്സിറ്റിക്ക് വലിയ ചെലവുകളില്ലാതെ വരുമാനമുണ്ടാക്കിത്തരുന്ന ഒരു വിഭാഗമാണ്. എന്നാൽ, പ്ലാൻ ഫണ്ടുപയോഗിച്ച് ദിവസവേതനത്തിൽ ജോലി ചെയ്യുന്ന രണ്ട് ഓഫീസ് സ്റ്റാഫ് മാത്രമാണ് അവിടെയുള്ളത്. ഒരു സ്ഥിരം ഓഫീസർ ഉണ്ടെങ്കിൽ ഈ ഓഫീസിൻറെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനും യൂണിവേഴ്സിറ്റിയ്ക്ക് അധികവരുമാനം ഉണ്ടാക്കുവാനും കഴിയും. വിവിധതരം

ട്രെയിനിങ്ങുകളും പ്രസിദ്ധീകരണങ്ങളും എക്സിബിഷനുകളും മുഖേന യൂണിവേഴ്സിറ്റിയുടെ കണ്ടെത്തലുകളും, സേവനങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്ന പ്രധാന വിഭാഗമെന്ന നിലക്ക് ഈ യൂണിറ്റുകളുടെയെല്ലാം ദൈനം ദിന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനായി ഒരു അസിസ്റ്റന്റ് രജിസ്ട്രാറുടെ നേതൃത്വത്തിലുള്ള ഓഫീസ് സെക്ഷൻ മണ്ണുത്തിയിൽ ഡയറക്ടറേറ്റ് ഓഫ് എന്റർപ്രെന്യൂർഷിപ്പിന് കീഴിൽ പ്രവർത്തനം ആരംഭിക്കുന്നതിനും, കൂടാതെ ഈ ഗസ്റ്റ് ഹൗസുകളുടെ മേൽനോട്ടത്തിനായി ഒരു കെയർ ടേക്കറുടെ തസ്തിക അനുവദിക്കുവാനും ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** സർക്കാരിൽ നിന്നും പുതിയ തസ്തികകൾ അനുവദിച്ചു കിട്ടുന്ന മുറയ്ക്കു മാത്രമേ ഡയറക്ടറേറ്റ് ഓഫ് എന്റർപ്രണർഷിപ്പ് -ന്റെ യൂണിറ്റ് മണ്ണുത്തിയിൽ തുടങ്ങുവാൻ ആവശ്യമായ തസ്തികകൾ ലഭ്യമാവുകയുള്ളൂ എന്നറിയിക്കുന്നു. ലാസ്റ്റ് ഗ്രേഡ് വിഭാഗം തസ്തികയിൽ ഉൾപ്പെടുത്തി കെയർടേക്കർ സേവനം അനുവദിക്കുന്നതാണ്.

**തീരുമാനം:** അംഗീകരിച്ചു. പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

*നടപടി: രജിസ്ട്രാർ*

==== =============================== ===================== ======

**ഡോ. ദിനേഷ്. പി.ടി. ഉന്നയിച്ച പ്രമേയങ്ങൾ:**

**പ്രമേയം 3 :**

സർവകലാശാലയുടെ 27.08.2020 തിയ്യതിയിലെ KVASU/DAR/Acad/B1/34481/2019 നമ്പറിലുള്ള ഉത്തരവ് പ്രകാരം അധ്യാപകരെ Ph.D. നേടുവാനായി ഒരു വർഷം 12 പേരെ ഡെപ്യൂറ്റേഷനിൽ വിടാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഒരു ഡിപ്പാർട്മെന്റിൽ നിന്ന് ഒരാൾ മാത്രം (പൗൾട്ടറി സയൻസ് ഒഴികെ) എന്ന വ്യവസ്ഥ കൂടി ഉള്ളത് കൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി 5ൽ കുറവ് ആളുകൾക്ക് മാത്രമാണ് ഈ സൗകര്യം ലഭിക്കുന്നത്.

**പ്രസ്തുത മാർഗ്ഗനിർദേശങ്ങളിലെ "ഒരു ഡിപ്പാർട്മെന്റിൽ നിന്ന് ഒരു വർഷം ഒരാൾ മാത്രം" എന്ന വ്യവസ്ഥ മാറ്റി വച്ച് കൊണ്ട് ഡിപ്പാർട്മെന്റ് തലവനും ഡീനും അനുവദിക്കുന്ന പക്ഷം ഒരു വർഷം ഒരു ഡിപ്പാർട്മെന്റിൽ നിന്ന് 2 പേരെ (മൊത്തം 12ൽ നിശ്ചയിച്ചു കൊണ്ട്) ഇന്റെർണൽ ഡെപ്യൂറ്റേഷനിൽ വിടാൻ ഈ പ്രമേയത്തിലൂടെ തീരുമാനിക്കുന്നു.**

**റിമാർക്ക്സ്/നോട്സ്:** 28 മത് യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിലിന്റെയും 66 മത് ഭരണസമിതി യോഗത്തിന്റെയും തീരുമാനത്തിന് അനുസൃതമായാണ് അന്യത്ര സേവന വ്യവസ്ഥയിൽ PhD പഠനത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച 27.08.2020 തീയതിയിലെ KVASU/DAR/ACAD/B1/34481/2019 നമ്പർ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ഉത്തരവിൽ മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ അക്കാഡമിക് കൗൺസിൽ യോഗത്തിൽ അജണ്ട സമർപ്പിച്ച് തീരുമാനമെടുക്കേണ്ടതാണ് എന്നറിയിക്കുന്നു.

**തീരുമാനം:** അംഗീകരിച്ചു.

*നടപടി: ഡി.എ.ആർ.*

------------------------------------------ ------------------------------------------------------------------

**പ്രമേയം 4 :**

യുജിസിയുടെ 2018 ലെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം സർവകലാശാലകളിൽ അധ്യാപക നിയമനത്തിന് അഭിമുഖത്തിലെ പ്രകടനം മാത്രമേ കണക്കിലെടുക്കാവു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അഭിമുഖത്തിന് ഉദ്യോഗാർത്ഥികളെ ഷോർട് ലിസ്റ്റ് ചെയ്യുവാനുള്ള കട്ട് ഓഫ് മാർക് സർവകലാശാലകൾക്ക് തന്നെ തീരുമാനിക്കാം എന്നും പറഞ്ഞിട്ടുണ്ട്.

KVASUവിന്റെ 34 ആമതു അക്കാദമിക് കൌൺസിൽ തീരുമാനം അനുസരിച്ചു ഉദ്യോഗാർത്ഥികളെ ഷോർട് ലിസ്റ്റ് ചെയ്യുന്നതിന് കട്ട് ഓഫ് മാർക് ആയി ജനറൽ വിഭാഗത്തിന് 43ഉം SC/ST വിഭാഗത്തിന് 38ഉം ആയി നിഷ്കർഷിച്ചുകൊണ്ട് സർവകലാശാലയുടെ ബോർഡ് ഓഫ് മാനേജ്മെന്റിന് മുൻപിൽ നിർദേശം സമർപ്പിക്കുക ഉണ്ടായി. ഈ മാർക് തന്നെ മികവിന് വേണ്ടി നില കൊള്ളുന്ന ഒരു സർവ്വകലാശാലയെ സംബന്ധച്

വേണ്ടി നില കൊള്ളുന്ന ഒരു സർവ്വകലാശാലയെ സംബന്ധച്
വളരെ കുറവാണ്. എന്നാൽ 84ആമത് ബോർഡ് ഓഫ് മാനേജ്മന്റ് പ്രസ്തുത മാർക് മുഴുവനായി ഒഴിവാക്കുകയും 45ആമത് മാനേജ്മന്റ് കൌൺസിൽ ഒരു മെമ്പറുടെ വിയോജിപ്പോടെ ഇത് അംഗീകരിക്കുകയുമാണ് ചെയ്തത്.

സർവകലാശാല സ്റ്റാറ്റ്യൂട്ട് ക്ലോസ് 132 പ്രകാരം അധ്യാപകരെ നിയമിക്കാനുള്ള മാർഗ നിർദേശങ്ങൾ യുജിസി നിർദേശിച്ച പ്രകാരം അക്കാഡമിക് കൌൺസിൽ ആണ് തയ്യാറാക്കേണ്ടതാണ്.

> *132. Appointment of Teachers.- (1) Teachers of the University shall, other than short-term contract appointments, be appointed by the Board of Management after advertisement inviting applications by issuing notifications in the University website and through all India advertisement in one prominent news paper.* ***In making appointments by direct recruitment to posts in any class or category in each department under the University, the University shall observe the provisions of the selection procedures approved by the Academic Council based on the UGC Regulations as amended from time to time.***

പ്രസ്തുത നിർദേശങ്ങൾ അംഗീകരിക്കുക മാത്രമാണ് ബോർഡ് ഓഫ് മാനേജ്മെന്റ് ചെയ്യണ്ടത്. പുനഃപരിശോധിക്കേണ്ടത് പോലും അക്കാഡമിക് കൌൺസിൽ ആണെന്നിരിക്കെ

കൌൺസിൽ തീരുമാനം റദ്ദു ചെയ്ത ബോർഡ് നടപടി നിയമാനുസൃതമല്ല എന്നതാണ് വസ്തുത.

KIRF റാങ്കിങ്ങിൽ നാലാം സ്ഥാനം നേടി ഉന്നത വിദ്യാഭ്യാസ രംഗത്ത് മുന്നേറുന്ന സർവകലാശാലയിലേക്ക് അധ്യാപകരെ തിരഞ്ഞെടുക്കുമ്പോൾ ഉന്നത നിലവാരം പുലർത്തുന്നവർ തന്നെ വേണമെന്നതിൽ തർക്കമില്ല.

**മേൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് തന്നെ അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങളിൽ മുഖാമുഖത്തിനു ക്ഷണിക്കുന്നതിനു ഷോർട് ലിസ്റ്റ് ചെയ്യാൻ കട്ട് ഓഫ് മാർക്ക് വേണ്ട എന്ന 84ആമത് ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനം റദ്ദു ചെയ്തു കൊണ്ട് സർവകലാശാലയുടെ അക്കാഡമിക് മികവിനും ഉന്നത നിലവാരത്തിനും ഉതകുന്ന കട്ട് ഓഫ് മാർക്ക് പുനഃസ്ഥാപിക്കാൻ ഈ പ്രമേയത്തിലൂടെ തീരുമാനിക്കുന്നു.**

**റിമാർക്ക്സ്/നോട്സ്:** 37മത് യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിലിന്റെയും 84 മത് ഭരണസമിതി യോഗത്തിന്റെയും 45 മത് മാനേജ്മന്റ് കൌൺസിൽ യോഗത്തിന്റെയും തീരുമാനത്തിന് അനുസൃതമായാണ് സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിനായുള്ള സ്കോർ കാർഡ് അംഗീകരിക്കുന്നത് സംബന്ധിച്ച 21.02.2024 തീയതിയിലെ KVASU/DAR/ ACAD/B1/33898/2018(9) നമ്പർ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. നിയമന മാനദണ്ഡങ്ങൾ ഉൾപ്പടെ സ്റ്റാറ്റ്യൂട്ടറി അധികാരസമിതികളിൽ ചർച്ച ചെയ്ത അനുമതിയോട് കൂടിയാണ് അധ്യാപക ഒഴിവുകൾ വിജ്ഞാപനം ചെയ്ത് സർവ്വകലാശാല അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. നിയമാനുസൃതമല്ലാതെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

**തീരുമാനം:** ജനറൽ വിഭാഗത്തിന് 43, എസ്.സി./എസ്.ടി. വിഭാഗത്തിന് 38 എന്ന രീതിയിൽ സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിനായുള്ള കട്ട് ഓഫ് മാർക്ക് പുന:സ്ഥാപിച്ചു. ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാന പ്രകാരം ഒരു പോസ്റ്റിലേക്ക് ഉയർന്ന മാർക്ക് ലഭിച്ച 5 പേരെ മാത്രമേ അഭിമുഖത്തിന് ക്ഷണിക്കുകയുള്ളൂ എന്ന് തീരുമാനിച്ചു.

*നടപടി: ഡി.എ.ആർ./രജിസ്ട്രാർ*

==========================================================================

**ഡോ. ബിപിൻ. കെ.സി. ഉന്നയിച്ച പ്രമേയങ്ങൾ:**

**പ്രമേയം 5 :**

കേരള വെറ്ററിനറി സർവ്വകലാശാല ഒന്നാമത് സ്റ്റാറ്റിയൂട്ട് ഖണ്ഡിക 326 (1) പ്രകാരം മൂന്ന വർഷം കൂടുമ്പോൾ രജിസ്ട്രാർ സർവ്വകലാശാല ആക്ട് വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാലയുടെ ബോർഡ് ഓഫ് മാനേജ്മെന്റ് പുനഃസംഘടിപ്പിക്കേണ്ടതാണ്. എന്നാൽ പുതിയ മാനേജ്മെന്റ് കൗൺസിൽ തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന് 10 മാസങ്ങൾക്കു ശേഷവും ബോർഡ് ഓഫ് മാനേജ്മെന്റ് ആക്ട് വ്യവസ്ഥകൾക്ക് വിധേയമായി പൂർണ്ണമായി പുനഃസംഘടിപ്പിക്കപ്പെട്ടിട്ടില്ല. ജനപ്രതിനിധികളും, അദ്ധ്യാപക പ്രതിനിധികളുമുൾപ്പെടെ ഭരണസമിതി പുനഃസംഘടിപ്പിക്കപ്പെടാത്തത് സർവ്വകലാശാലയുടെ അക്കാദമികമായ തീരുമാനങ്ങൾ ജനാധിപത്യപരമായി ചർച്ചചെയ്യുന്നതിനും, തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുന്നു. ആയതിനാൽ തന്നെ സർവ്വകലാശാലയുടെ ബോർഡ് ഓഫ് മാനേജ്മെന്റ് പൂർണ്ണമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള തെരഞ്ഞെടുപ്പുകൾക്കുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് ഈ മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനം കൈക്കൊള്ളുന്നു

**റിമാർക്ക്സ്/നോട്സ്:** പ്രമേയം അംഗീകരിക്കാവുന്നതാണ്.

**തീരുമാനം:** അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ.*

------------------------------------------ ------------------------------------------------------------------

**പ്രമേയം 6 :**

നിലവിൽ സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം യുജിസി നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീമിലൂടെയാണ്. വർഷത്തിൽ രണ്ടു തവണയെങ്കിലും നിർബന്ധമായും CAS നടപടിക്രമങ്ങൾ കൈക്കൊള്ളാൻ സർവ്വകലാശാല തീരുമാനമെടുത്തതാണെങ്കിലും വർഷത്തിൽ ഒരിക്കൽ പോലും ഇത് നടത്താൻ സാധിക്കുന്നില്ല. ഇതിനാൽ തന്നെ അദ്ധ്യാപകർക്ക് ശമ്പള കുടിശ്ശിക ഇനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് നഷ്ടപ്പെടുന്നത്. ഭരണപരമായ കാരണങ്ങളാൽ പിന്നെയും സ്ഥാനക്കയറ്റ ഉത്തരവ് വൈകുന്നത് ദൗർഭാഗ്യകരമാണ്. 2024 ഫെബ്രുവരി മാസത്തിൽ നടന്ന CAS അഭിമുഖങ്ങൾക്ക് ശേഷം സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് എട്ടു മാസങ്ങൾക്ക് ശേഷമാണ്. സർവ്വകലാശാല ഭരണസമിതി യോഗം ചേരുന്നതിനുള്ള കാല താമസമാണ് ഇതിന് കാരണം. ഭരണപരമായ ചുവപ്പുനാടകൾ മൂലം ജീവനക്കാരുടെ ജോലിക്കയറ്റം തടസ്സപ്പെടുന്നത് ഗൗരവമായ

വിഷയമാണെന്നും ഉത്തരവാദികൾ അതിന്റെ ഭവിഷ്യത്ത് നേരിടാൻ തയ്യാറാകണമെന്നും ബഹു. കേരള ഹൈക്കോടതി ഈയിടെ ഉത്തരവിലൂടെ വ്യക്തമാക്കിയതുമാണ്. ആയതിനാൽ തന്നെ അദ്ധ്യാപകരുടെ CAS പ്രൊമോഷനുകൾ വർഷത്തിൽ രണ്ട് തവണ നിർബന്ധമായും നടത്തുന്നതിനും, ആയതിന്റെ ഉത്തരവുകൾ കാല താമസമില്ലാതെ പുറപ്പെടുവിക്കാൻ വേണ്ട രീതിയിൽ ആവശ്യമെങ്കിൽ നടപടിക്രമങ്ങൾ പുനഃക്രമീകരിക്കാനും, അല്ലെങ്കിൽ താമസംവിനാ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സെലക്ഷൻ കമ്മിറ്റി നടപടിക്രമങ്ങൾക്കു ശേഷം ഉടനെ തന്നെ പ്രത്യേക ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം ചേരുന്നതിനും, സെലക്ഷൻ കമ്മിറ്റി/ സ്ക്രീനിംഗ് കമ്മിറ്റി യോഗം ചേർന്ന തീയതി മുതൽ പ്രൊമോഷൻ ലഭിക്കുന്ന അദ്ധ്യാപകർക്ക് ഉയർന്ന തസ്തികയുടെ ശമ്പളവും, അലവൻസുകളും (കുടിശ്ശികയില്ലാതെ) നൽകുന്നതിനും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിന് ഈ യോഗം തീരുമാനിക്കുന്നു

**റിമാർക്ക്സ്/നോട്സ്:** അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രൊമോഷൻ ഉൾപ്പെടെ F.1-2/2017(EC/PS) നമ്പറിൽ 18.07.2018 തീയതിയിലെ വിജ്ഞാപന പ്രകാരം യു.ജി.സി. പുറപ്പെടുവിച്ച "UGC REGULATIONS ON MINIMUM QUALIFICATIONS FOR APPOINTMENT OF TEACHERS AND OTHER ACADEMIC STAFF IN UNIVERSITIES AND COLLEGES AND MEASURES FOR THE MAINTENANCE OF STANDARDS IN HIGHER EDUCATION, 2018 " വെറ്ററിനറി സർവ്വകലാശാലയിൽ കൃത്യമായി നടപ്പിലാക്കുന്നതിന് ഐ.ക്യു.എ.സി. ശക്തിപ്പെടുത്തുന്നതിന് ഭരണതലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്ന താണ്.

**തീരുമാനം:** അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ.*

==========================================================================

**<u>ശ്രീ. അഭിറാം. പി. ഉന്നയിച്ച പ്രമേയങ്ങൾ:</u>**

**പ്രമേയം 7 :**

ഡയറി കോളേജുകളിലെ മെസ്സിനെ സംബന്ധിച്ച്:

ഏറെ കാലമായിട്ടുള്ള വിദ്യാർഥികളുടെ ആവിശ്യമാണ് VKIDFT-യ്ക്ക് സ്വന്തമായിട്ടുള്ള ഒരു കോമൺ മെസ്സ്. ഇതുവരെ വെറ്റിനറി കോളേജിൻ്റെ മെസ്സായിരുന്നു ഉപയോഗിച്ചിരുന്നത്. സ്വന്തമായി ഒരു മെസ്സില്ലാത്തതിനാൽ പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഈ കാര്യം വിദ്യാർഥികൾ കോളേജിനേയും ബഹുമാനപ്പെട്ട VC യെയും അറിയിച്ചതാണ്. ബഹു: VC നേരിട്ട് കാര്യങ്ങൾ ചോദിച്ചറിഞ്ഞ് വേണ്ട നടപടികൾ സ്വീകരിച്ച് ഡിസംബർ മാസം പണി പൂർത്തികരിച്ച് തരുമെന്ന് ഉറപ്പ് തന്നതുമാണ്. പക്ഷെ നാളിതുവരെയായിട്ടും ഫണ്ടുകൾ അനുവദിച്ചിട്ടും ടെൻ്റർ വിളിച്ച് പണികൾ തുടങ്ങാൻ ID വിങ്ങിന് സാധിച്ചിട്ടില്ല. ID വിങ്ങിൻ്റെ കാര്യക്ഷമയില്ലായ്മ പലപ്പോഴായി വിദ്യാർഥികളിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. വിദ്യാർഥികളുടെ ഏറെ കാലത്തെ സ്വപ്നമായ മെസ്സ് കെട്ടിട നിർമാണം എത്രയും വേഗം വേണ്ട നടപടികൾ സ്വീകരിച്ച് എത്രയും വേഗം പൂർത്തികരിക്കാൻ അപേക്ഷിക്കുന്നു

അതുപോലെ തന്നെ CDST കോലാഹൽമേഡ് കോളേജ് കാന്റീൻ കെട്ടിടം ഏകദേശം 100വർഷത്തിലേറെ പഴക്കം ഉണ്ട്. Base Farm ന്റെ കീഴിൽ ആയിരുന്ന കാന്റീൻ കഴിഞ്ഞ വർഷമാണ് കോളേജിന്റെ പേരിൽ കിട്ടിയത്. കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും ഭക്ഷണത്തിനുള്ള ഏക മാർഗം ഈ കാന്റീൻ ആണ്.

എന്നാൽ മെസ്സ് കെട്ടിടത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. മഴ പെയ്താൽ അകത്ത് വെള്ളം കേറി പാചകം ചെയ്യാൻ കൂടെ പറ്റാതെ ഭക്ഷണം മുടങ്ങുന്ന അവസ്ഥയാണ്.
യൂണിവേഴ്സിറ്റി VCയും രജിസ്ട്രാർഉം ആ കെട്ടിടം സന്ദർശിച്ച് എത്രയും പെട്ടെന്ന് നടപടി എടുക്കാം എന്ന് പറഞ്ഞിട്ടും ഇത് വരെ അതിനൊരു ഉത്തരമോ നടപടിയോ ഉണ്ടായിട്ടില്ല.

ഒരു മഴ കാലം കൂടെ താങ്ങാൻ ഉള്ള കരുത്ത് ആ കെട്ടിടത്തിന് ഇല്ല എന്ന് ഞാൻ ഓർമിപ്പിക്കുന്നു.

മേല്പറഞ്ഞ രണ്ട് വിഷയങ്ങൾക്കും ഉചിതമായ പരിഹാരം എത്രയും പെട്ടെന്നു കണ്ടെത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

**റിമാർക്ക്സ്/നോട്സ്:** 2024-25-സ്റ്റേറ്റ് പ്ലാൻ ഫണ്ടുപയോഗിച്ച് ടി. പ്രവർത്തി ചെയ്യാൻ ഉദ്ദേശിച്ചാണ് ടി.പ്രവർത്തി ആദ്യം ടെൻഡർ ചെയ്തത്. എന്നാൽ കാരാറുകാരുടെ ഭാഗത്തു നിന്ന് പ്ലാൻ ഫണ്ട് പ്രവർത്തികൾക്ക് യാതൊരു വിധ പ്രതികരണവും ഉണ്ടാവാത്തതിനെ തുടർന്ന്, സർവകലാശാലയുടെ മുൻ കാല പ്രവർത്തികളുടെ നീക്കിയിരുപ്പ് തുക ഉപയോഗപ്പെടുത്തി ടെൻഡർ ക്ഷണിക്കാൻ അനുവാദം ചോദിക്കുകയും ചെയ്തു. അനുമതി ലഭിച്ചതിൻ പ്രകാരം ചെയ്ത ടെൻഡറിൽ എസ്റ്റിമേറ്റിനേക്കാൾ കൂടിയ തുകയുടെ ദർഘാസ് ആണ് ലഭിച്ചത്. ആയത് ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് കരാറുറപ്പിച്ച് കാരാറുകാരൻ 03-01-2025-നു ഉടമ്പടി ഒപ്പ് വെച്ചിട്ടുമുണ്ട്.06-01-2025-നു ആരംഭിച്ച പ്രവർത്തി ദർഘാസിൽ രേഖപ്പെടുത്തിയ പ്രകാരം 45 ദിവസത്തിനകം പ്രവർത്തി പൂർത്തീകരിക്കാനാകുമെന്നു അനുമാനിക്കുന്നു.

CDST കോലാഹലമേട് ക്യാന്റീനുമായി ബന്ധപെട്ട് നിലവിലുള്ള കാന്റീൻ കെട്ടിടത്തിൽ ഐ.ഡി.വിങ്ങിന്റെ ഒരു അറിവും കൂടാതെയാണ് പിന്നിൽ ഉള്ള കൂട്ടിചേർക്കലുകൾ നടത്തിയിട്ടുള്ളത്. മാത്രവുമല്ല തറനിരപ്പിനേക്കാൾ താഴ്ന്ന നിലയിൽ ഉൾഭാഗം വരുന്ന രീതിയിൽ നിർമിച്ചത് കൊണ്ടാണ് കെട്ടിടത്തിന്റെ പുറകിൽ നിന്നും മഴ വെള്ളം ക്യാന്റീന്റെ പുതുതായി കൂട്ടിച്ചേർത്ത ഉൾഭാഗത്തേക്ക് കിനിഞ്ഞ് ഇറങ്ങുന്നത്. യാതൊരു സാങ്കേതിക പരിജ്ഞാനവും ഇല്ലാതെ നിർമിച്ച പ്രസ്തുത ഭാഗം പൊളിച്ചു നീക്കുന്നതാണ് ഉചിതം.കെട്ടിടത്തിന്റെ പ്രധാന മേൽക്കൂരയുടെ ഷീറ്റ് മാറ്റി പുതിയതായി ജി.ഐ.ഷീറ്റ് വെക്കുന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2024-25 പ്ലാൻ പദ്ധതിയിൽ സർക്കാർ വരുത്തിയ കുറവ് കാരണം കൊണ്ടാണ് നിലവിൽ ടെൻഡർ ചെയ്യുവാൻ കഴിയാതെ വന്നിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്ന പക്ഷം അടുത്ത മഴക്കാലത്തിനു മുമ്പ് തന്നെ പ്രവർത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

**തീരുമാനം:** അംഗീകരിച്ചു.

*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ.*

------------------------------------------ ------------------------------------------------------------------

**പ്രമേയം 8 :**

47 ആമത് മാനേജ്മെന്റ് കൌൺസിൽ യോഗ പ്രകാരം പിജി, പി എച് ഡി, ഇന്റേൺഷിപ് വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ കർഫ്യൂ ഒഴിവാക്കാൻ തീരുമാനം ആയിരുന്നു. എന്നാൽ ഏറെ നിയന്ത്രണങ്ങളോടെയാണ് ഇത് നടപ്പാക്കിയത്. അത്യാവശ്യ സമയങ്ങളിൽ ഓരോ തവണയും അധ്യാപകരുടെ പെർമിഷൻ വാങ്ങുക എന്നത് ഏറെ പ്രയാസമുള്ള കാര്യമാണ്. ആയതിനാൽ ഈ കാര്യത്തിൽ കൂടുതൽ ഇളവുകൾ നൽകേണ്ടത് അത്യാവശ്യമാണ്.

ഓരോ തവണയും അനുവാദം വാങ്ങിന്നതിനു പകരം ഒരു കാലയളവിലേക്കുള്ള (രണ്ടാഴ്ച അല്ലെങ്കിൽ ഒരു മാസം) പെർമിഷൻ ഒരുമിച്ച് വാങ്ങുന്ന സാഹചര്യം ഉണ്ടായാൽ വിദ്യാർത്ഥികൾക്ക് അതു ഉപയോഗപ്രഥമാവും. അതുപോലെ യു ജി വിദ്യാർത്ഥികളെയും ഈ ഇളവിൽ പരിഗണിക്കേണ്ടതുണ്ട്.

CASM കോളേജിൽ നിലവിൽ 6:30 ഇനാണ് വിദ്യാർത്ഥികൾ ഹോസ്റ്റലിൽ കയറുന്നത്. വന്യമൃഗ ശല്യം കണക്കിൽ എടുത്താണ് ഈ നിയന്ത്രണം ഏർപ്പെടുത്തിയത്. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ ഒന്നും തന്നെ അവിടെ വന്യ മൃഗശല്യം രേഖപെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ഈ നിയന്ത്രണം വലിയ രീതിയിലുള്ള ബുദ്ധിമുട്ടാണ് വിദ്യാർത്ഥികളിൽ ഉണ്ടാകുന്നത്. പാഠ്യേതര പ്രവർത്തനങ്ങളിൽ മികവു പുലർത്തുന്നതിൽ ഈ നിയന്ത്രണം വളരെയധികം തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ഈ നിയന്ത്രണത്തിൽ ഇളവ് നൽകേണ്ടത് അത്യാവശ്യമാണ്.

മേല്പറഞ്ഞ വിഷയങ്ങളിൽ ഉചിതമായ നടപടി സ്വീകരിക്കാണെമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്ക്സ്/നോട്സ്:** പി.ജി, പി.എച്ച്.ഡി വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സമയക്രമീകരണം താൽക്കാലികമായി ഒഴിവാക്കാൻ 47-ാാം മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ തീരുമാനമെടുത്തിരുന്നെങ്കിലും ബഹു. ജസ്റ്റീസ് എ. ഹരിപ്രസാദ് കമ്മീഷന്റെ എൻക്വയറി റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ, ഹോസ്റ്റൽ പ്രവേശന സമയത്തിൽ ചില നിയന്ത്രണങ്ങൾ വരുത്തി ഡയറക്ടറേറ്റിൽ നിന്നും ഉത്തരവായിട്ടുള്ളത് (ഉത്തരവ് നമ്പർ KVASU/DAR/B2/496/2023(10) dtd 20.09.2024.). നിലവിലുള്ള സാഹചര്യത്തിൽ ടി ഉത്തരവിൽ മറ്റ് ഇളവുകൾ നൽകുന്നത് ഉചിതമായിരിക്കില്ല.

**തീരുമാനം:** പി.ജി/പി.എച്ച്.ഡി/ഇന്റേൺഷിപ് വിദ്യാർത്ഥികൾ ഹോസ്റ്റലിന് പുറത്തു പോകുന്ന വിവരം ഇ-മെയിൽ/ഫോൺ കാൾ/മെസേജ് എന്നീ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിയും, ബന്ധപ്പെട്ട അദ്ധ്യാപകൻ മുഖേന അസിസ്റ്റൻറ് വാർഡനെ അറിയിച്ചും അനുമതി വാങ്ങാവുന്നതാണ്.

*നടപടി: ഡി.എ.ആർ.*

------------------------------------------ ------------------------------------------------------------------

**പ്രമേയം 9 :**

പൂക്കോട് വെറ്ററിനറി കോളജിലെ PG, UG ലേഡീസ് ഹോസ്റ്റൽ വാർഡൻ കൃത്യമായ മാർഗ നിർദേശങ്ങളോ, തിരഞ്ഞെടുക്ക് പെട്ട ഹോസ്റ്റൽ കമ്മിറ്റിയുടെ അനുമതിയില്ലാതെ അനിയന്ത്രിതമായ fine വിദ്യാർത്ഥികൾ നിന്ന് പിരികുന്നതിനായി ഓർഡർ ഇടുന്ന സ്ഥിതി വിശേഷമാണ് ഉള്ളത്. സാമ്പത്തികമായി പിരിക്കുന്ന ഫണ്ടിൻ്റെ വിനിയോഗം കൃത്യമായി കാണിച്ചിട്ടില്ല. നിലവിൽ വിദ്യാർത്ഥികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്ന ഇത്തരം നിലപാടുകളിൽ യൂണിവേഴ്സിറ്റി എന്താണ് തീരുമാനം എടുത്തിട്ടുള്ളത്. എന്താണ് യൂണിവേഴ്സിറ്റിയിൽ fine ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്ന് കൃത്യമായി വ്യക്തമാക്കാതെ അനിയന്ത്രിതമായ fine പിരിവ് അവസാനിപ്പിക്കുന്നതിന് നിയമ നടപടി സ്വീകരിക്കേണ്ടതാണ്. പൂക്കോട് വെറ്ററിനറി കോളജിൽ വിദ്യാർത്ഥികളെ മാനസികപരമായി ലേഡീസ് ഹോസ്റ്റൽ അസിസ്റ്റൻ്റ് വാർഡൻ, വാർഡൻ എന്നിവർ ബുദ്ധിമുട്ടിക്കുന്നതായി നിരന്തരം പരാതികൾ ഉയർന്നു വരുന്നുണ്ട്, ഈ വിഷയത്തിലും യൂണിവേഴ്സിറ്റി അടിയന്തരമായി തീരുമാനം എടുക്കേണ്ടതാണ്. പൂക്കോട് PG ഹോസ്റ്റലിൽ അസിസ്റ്റൻ്റ് വാർഡൻ Dr. രഘു രവീന്ദ്രൻ കൊണ്ട് വന്ന സാമ്പത്തിക ചൂഷണത്തിനുള്ള fine മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

🔴 🔴 *New Hostel Rules* 🔴 🔴

🔆 If you don't sign the attendance regularly then ₹10/day will be fine

🔆 Regarding Hostel timings everyone should be inside within 9:30pm If you get late and for every 10 minutes late ₹500 fine

🔆 Hostel establishment charges have increased from ₹150 to ₹300 and in the meeting they mentioned regarding the PG Boys Hostel Dues

ഈ രീതിയിൽ സർവകലാശായിലെ ഹോസ്റ്റലുകളിൽ വിദ്യാർത്ഥികളുമായി യാതൊരു ആലോചനയുമില്ലാതെ നടപ്പിലാക്കുന്ന ഫൈനുകൾക്കും, വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾക്കുമെതിരെ കൃത്യമായ നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

**റിമാർക്ക്സ്/നോട്സ്:** മേൽ വിഷയം സംബന്ധിച്ച് പൂക്കോട് വെറ്ററിനറി കോളേജ് ഡീനിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് ന്യൂനതകൾ ഉണ്ടെങ്കിൽ പരിഹരിച്ച് നിർദ്ദേശങ്ങൾ നല്കാൻ ഡയറക്ടറേറ്റ് ഓഫ് അക്കാദമിക്സ് & റിസർച്ച് - ൽ നിന്ന് നടപടി സ്വീകരിക്കുന്നതാണ്.

**തീരുമാനം:** മേൽ വിഷയം സംബന്ധിച്ച് പൂക്കോട് വെറ്ററിനറി കോളേജ് ഡീനിൽ നിന്നും ലഭ്യമായ റിപ്പോർട്ടിൽ ന്യൂനതകൾ ഇല്ലെന്നും ആയതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. കൂടാതെ ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്, എല്ലാ കോളേജ് ഡീൻമാരും, കോളേജ് അഡ്മിനിസ്ട്രേറ്റീവ് ഹെഡ്മാരും, മാനേജ്മെന്റ് കൌൺസിലിലെ വിദ്യാർത്ഥി പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഹോസ്റ്റൽ റൂൾസിൽ ഫൈൻ ഈടാക്കുന്നത് സംബന്ധിച്ച് പഠിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഡി.എ.ആർ. - നെ ചുമതലപ്പെടുത്തി.

*നടപടി: ഡി.എ.ആർ.*

| | |
|---|---|
| OA: 1 | ധനകാര്യ വിഭാഗം – മാനേജ്മെന്റ് കൌൺസിലിന്റെ ഈ യോഗത്തിൽ റിവോൾവിംഗ് ഫണ്ട് പ്രൊജക്ടുകളിൽ ജി.എസ്.റ്റി./ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനായി ഒരു ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള അനുമതി നല്കുന്നത് - സംബന്ധിച്ച്. |
| Decision | അനുമതി നൽകി.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| OA: 2 | പൊതുഭരണം – സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലെ വിരമിക്കൽ മൂലം നിലവിൽ വരുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നത് - സംബന്ധിച്ച്. |
| Decision | 1) കുറിപ്പിൽ സമർപ്പിച്ച പ്രൊപ്പോസലിലെ ക്രമ നം. 1 & 4 ആയ വിഷയങ്ങൾ അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റിവെച്ചു.<br>2) 2 & 3 അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| OA: 3 | DAR – Academic Programme – Approval of Results – Reg. |
| Decision | Approved.<br>*Action: DAR* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുള്ള ചർച്ചകളും തീരുമാനങ്ങളും**

1. 45-ാമത് മാനേജ്മെന്റ് കൌൺസിൽ ചോദ്യം (3) തീരുമാന പ്രകാരം രൂപീകരിച്ച കമ്മിറ്റി TBIC - യിൽ പുതിയ മാനേജ്മെന്റ് കൌൺസിലിലെ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി പുന:സംഘടിപ്പിക്കാൻ അനുമതി നല്കി.
   *നടപടി: ഡയറക്ടർ (എന്റർപ്രണർഷിപ്)*
2. ലോകാരോഗ്യ സംഘടനയിൽ പ്രവർത്തിച്ച 2 വർഷ കാലയളവ് സർവ്വീസ് പ്രൊട്ടക്ഷനായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ഡോ. പ്രജിത്, അസ്സോസിയേറ്റ് പ്രൊഫസർ നല്കിയ അപേക്ഷ ശിപാർശയോട് കൂടി സർക്കാരിൽ സമർപ്പിക്കാൻ തീരുമാനിച്ചു.
   *നടപടി: രജിസ്ട്രാർ*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 02.00 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്**
**(അദ്ധ്യക്ഷൻ)**
*(21/01/2025 തീയതിയിൽ അംഗീകരിച്ചു)*

**//True Copy//**

**SECTION OFFICER - GA/B Section**